(ഡി) ഓൺലൈൻ വിപണിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ നിലവിലുള്ള ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സാധിക്കുമായിരുന്നുവോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) കേരളത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ സംസ്ഥാനത്ത് എവിടെയും സ്വതന്ത്രമായി വിപണനം നടത്തുന്നതിന് നിലവിലുള്ള സാഹചര്യത്തിൽ സാദ്ധ്യമാണ്. കൃഷി വികസപ്പിന്റെകീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് ഉല്പന്നങ്ങളെത്തിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവായി മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനും സാധിക്കുന്നു. കൂടാതെ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ് മുതലായ ഏജൻസികൾ മുഖേനയും പച്ചക്കറി വികസന പദ്ധതികൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകൾ മുഖേനയും കാർഷികോത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ നിയന്ത്രണത്തിൽ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഓൺലൈൻ വിപണിയുടെ ആവശ്യമില്ല.

(സി) ഉണ്ട്.

(ഡി) ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ല.

സംയോജിത കന്നുകാലി വികസന പദ്ധതി

29 (*449) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2011-12 സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് 7740 കർഷകർക്ക് ഒരു ഗർഭിണി കിടാരി, രണ്ട് ആട്, പത്ത് കോഴി എന്നിവ 50% സബ്സിഡിയിൽ വിതരണം ചെയ്യ ഈ പദ്ധതിയിൽ 40 കോടി രൂപ വിനിയോഗിക്കപ്പെട്ടു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിച്ചു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും സംസ്ഥാനത്ത് പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കപ്പെടാൻ ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. 20 കോടി രൂപ ധനസഹായമായി നൽകിയ ഈ പദ്ധതിയിൽ പത്ത് കോടി രൂപ കേന്ദ്ര ധനസഹായമായും പത്ത് കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ് വിനിയോഗിച്ചത്.

(സി) മൃഗസംരക്ഷണ മേഖലയിലെ കർഷകരാണ് ഗുണഭോക്താക്കൾ. നിലവിൽ പശുക്കളെ വളർത്തുന്നവർക്കും തീറ്റപ്പുൽ കൃഷി ചെയ്യാൻ തയ്യാറുള്ളവർക്കും പ്രാമുഖ്യം നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി മൃഗസംരക്ഷണ വകുപ്പ് ബാങ്ക് വായ്പയിലൂടെയാണ് നടപ്പിലാക്കിയത്.

(ഡി) 2011-12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതമായ പത്ത് കോടി രൂപയും കേന്ദ്ര സർക്കാരിന്റെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായ പത്ത് കോടി രൂപയും ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി.

പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്താൻ നടപടി

30 (*450) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly